പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 123 — 06.03.2018-ലെ മറുപടിക്ക്

# <u>പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | എ.കെ. ശശീന്ദ്രൻ |
| " സണ്ണി ജോസഫ് | (ഗതാഗത വകുപ്പ് മന്ത്രി) |
| " വി.ഡി.സതീശൻ | |
| " ഷാഫി പറമ്പിൽ | |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | പൊതുഗതാഗതം സുഗമമാക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ആകെ 5000-ൽ അധികം സർവ്വീസുകൾ നടത്തി വരുന്നു. ദീർഘദൂര യാത്രക്കാരെ ആകർഷിക്കുന്നതിനായി പുഷ്ബാക്ക് സീറ്റുകളോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസുകളും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കാവുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയ സർവ്വീസുകളും നടത്തി വരുന്നു. അന്തർ സംസ്ഥാന യാത്രക്കാർക്കായി അന്തർ സംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തി വരുന്നു. ഇക്കാര്യത്തിൽ തമിഴ്നാട് സർക്കാരുമായി പുതിയ കരാർ ഒപ്പുവെച്ചിട്ടുണ്ട്. നിലവിലുള്ള അന്തർസംസ്ഥാന സർവ്വീസുകൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 688 ബസുകൾ കോർപ്പറേഷൻ പുതിയതായി നിരത്തിലിറക്കിയിട്ടുണ്ട്.<br>സർവ്വീസ് ലാഭകരമാക്കുന്ന വിധത്തിലും യാത്രക്കാർക്ക് കൂടുതൽ പ്രയോജനപ്പെടുന്ന വിധത്തിലും സർവ്വീസ് പുനഃക്രമീകരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി 900 പുതിയ ബസുകൾ വാങ്ങാനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നു. കെ.യു.ആർ.ടി.സി 719 സർവ്വീസുകൾ നടത്തി വരുന്നുണ്ട്. കൂടാതെ പ്രൈവറ്റ് മേഖലയിൽ 13000 -ത്തിൽ അധികം സർവ്വീസുകളും നടത്തി വരുന്നുണ്ട്.<br>കേരളാ വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ 55 സർവ്വീസുകൾ നടത്തി വരുന്നു. റോഡ് മാർഗ്ഗമുള്ള യാത്രാദൂരത്തേക്കാൾ കുറഞ്ഞ ദൂരത്തിലും സമയത്തിലും വൈറ്റില – കാക്കനാട്, ആലപ്പുഴ - കോട്ടയം-കുമരകം, വൈക്കം - എറണാകുളം എന്നീ റൂട്ടുകളിൽ ബോട്ട് സർവ്വീസ് നടത്തുന്നുണ്ട്. കൂടുതൽ സോളാർ ബോട്ടുകൾ വാങ്ങാൻ നടപടി സ്വീകരിച്ചു വരുന്നു.<br>പരിസ്ഥിതി സൗഹൃദമായ ഇ-ഓട്ടോകൾക്ക് പെർമിറ്റ് നൽകാൻ ആരംഭിച്ചിട്ടുണ്ട്. ആയത് പ്രോൽസാഹിപ്പിക്കുന്നതിന് ഇ-ഓട്ടോകളുടെ വാർഷിക നികുതി 450 രൂപയായി കുറയ്ക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>ഓട്ടോറിക്ഷകളുടെ/ ടാക്സികളുടെ പെർമിറ്റ് കൂടുതലായി അനുവദിക്കുന്ന കാര്യം ആലോചിക്കുന്നു.<br>പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെട്രോ റെയിൽ സംവിധാനവും നിലവിലുണ്ട്. മെട്രോയുമായി ബന്ധിപ്പിച്ചുകൊണ്ട് point-to-point ഷെയർ സ്പെഷ്യൽ ഓട്ടോ സർവ്വീസ് നടത്തി വരുന്നുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി നേരിടുന്ന രൂക്ഷമായ പ്രതിസന്ധി പരിഹരിക്കുന്നതിന് സമഗ്ര രക്ഷാ പാക്കേജ് ഏർപ്പെടുത്തിയിട്ടുണ്ടോ; അതിന്റെ ഭാഗമായി കെ.എസ്. ആർ.ടി.സി യിലും, കെ.യു.ആർ. ടി.സി. യിലും നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (ബി) | കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സിയുടെ പ്രശ്നങ്ങൾ പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ട. പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും, അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നു. 3350 കോടിയുടെ കൺസോർഷ്യം വായ്പ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാമ്പത്തിക പുനഃക്രമീകരണം നടപ്പിലായാൽ കെ.എസ്.ആർ.ടി.സിയ്ക്ക് വായ്പ തിരിച്ചടവിനത്തിൽ 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പെൻഷൻ കുടിശിക നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി നേരിടുന്ന കനത്ത സാമ്പത്തിക ബാധ്യത പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ വിഘാതമായി നിൽക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (സി) | ഇല്ല.<br><br>ബസ്സുകൾ വാങ്ങുന്നതിനും ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനും മറ്റുമായി വിവിധ തരത്തിലുള്ള ധനസഹായം നിലവിൽ സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകി വരുന്നതിനാൽ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ തടസ്സമില്ല. |

**സെക്ഷൻ ഓഫീസർ**